# Weekly Devotions of March -2016

Week-2

## Who can be a woman of Nobility?

(സാമർത്ഥ്യമുള്ള സ്ത്രീ ആർ?)




March ‘8’ ദേശീയ വനിതാദിനമാകയാൽ എല്ലാ മൺമറഞ്ഞ സഹോദരിമാരെയും ഞങ്ങൾ സ്‌മരിക്കുന്നു. സകലസഹോദരിമാർക്കും ഇന്നത്തെ ലോകത്തിൽ വിലയേറിയവരും , മാന്യരുമായി ജീവിപ്പാൻ കഴിയട്ടെ എന്നുള്ള biblestudy.co.in ന്റെ ആശംസകൾ അറിയിച്ചുകൊണ്ട് ഈ ചിന്തയിലേക്ക് കടക്കട്ടെ.

## സാമർത്ഥ്യമുള്ള സ്ത്രീക്ക് ഉണ്ടായിരിക്കേണ്ട ഗുണങ്ങൾ എന്തെല്ലാം?

### 1. ദൈവീക ഉദ്ദേശം മനസ്സിലാക്കുന്നവൾ

Power, prayer, Patience, Praise ഇവ എല്ലാം മടി കൂടാതെ ഏറ്റെടുക്കുന്ന ഒരു സഹോദരിക്കു മാത്രമേ, ദൈവത്തിന് തന്നെക്കുറിച്ചുള്ള ഉദ്ദേശം എന്തെന്ന് മനസ്സിലാക്കുവാൻ കഴിയുകയുള്ളു. ഇപ്രകാരമുള്ളവർ ഒരിക്കലും ബലഹീനരല്ല. ലോകത്തിലുള്ള ഒന്നിനു വേണ്ടിയും , ആർക്കുവേണ്ടിയും നാം തിരഞ്ഞെടുത്ത വഴി നഷ്ടമാക്കരുത് . ദൈവത്തോട് ചേർന്നു നടക്കുന്ന ഒരു സ്ത്രീ ബുദ്ധിയും ബലവും ഉള്ളവളായിരിക്കും. സ്ത്രീകൾക്ക് ചെയ്യുവാൻ കഴിയുന്ന രണ്ട് കല്പനകളാണ് മർക്കോസ് (12:30,31) വാക്യങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എങ്ങനെ ഒരു സഹോദരി തന്റെ ശക്തി ദൈവത്തിനായി ഉപയോഗിക്കുമെന്ന് വചനത്തിൽ നിന്ന് ചില ഉദാഹരണങ്ങൾ നമുക്ക് നോക്കാം.

(a) യെരുശലേമിന്റെ വീണ്ടെടുപ്പിനായി '84' സംവത്സരം ദൈവാലയം വിട്ടുപിരിയാതെ ഉപവാസത്തോടും പ്രാർത്ഥനയോടും കൂടെ ആരാധിച്ച വിധവയായ 'ഹന്ന'എന്ന പ്രവാചകി - ലൂക്കോ:2;37

(ഉപവാസത്തിനും , പ്രാർത്ഥനയ്ക്കും പ്രായം ഒരു തടസ്സമല്ല)

(b) ഒരുമനപ്പെട്ട് പ്രാർത്ഥിപ്പാൻ ഒത്തുകൂടിയവർ (അപ്പോ:1:14)

(c) ഒരു പട്ടണത്തിലെ ജനങ്ങളെ മുഴുവൻ യേശുവിന്റെ അടുക്കൽ എത്തിച്ച ശമര്യ്യ സ്ത്രീ - യോഹ:(4:4-29)

## (2) ഒരു ഭാര്യയുടെ ശക്തിയുടെ പ്രത്യേകതകൾ




വെളി:(19:7,8) ൽ കുഞ്ഞാടിന്റെ കല്യാണത്തിന് തന്നെത്താൻ ഒരുങ്ങുന്ന കാന്തയെ നമുക്ക് കാണാം. അവളുടെ വസ്ത്രം ശുദ്ധവും, ശുഭ്രവുമാണ്. നമ്മുടെ സ്വർഗ്ഗീയ മണവാളനുവേണ്ടി ഒരുങ്ങുന്ന നല്ല മണവാട്ടി ആകുവാൻ പ്രാർത്ഥന, സ്തുതി, പരിശുദ്ധാത്മ ശക്തി ഇവ പ്രാപിക്കേണ്ടതാണ്. സാമർത്ഥ്യമുള്ള ഭാര്യ ഒരു പുരുഷന് വിലയേറിയ മുത്തിനെക്കാൾ വിലയുള്ളതാണ്.(സദൃ:31:11)

ക്രിസ്തുവിന്റെ മണവാട്ടി നന്നാ രാവിലെ എഴുന്നേറ്റ് അന്നത്തേക്കുള്ള ആഹാരം നൽകാനുള്ള ക്രമീകരണം ചെയ്യുന്നു. നിർദ്ദേശങ്ങൾ നൽകേണ്ടവർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകത്തക്കവണ്ണം അവൾ ബുദ്ധിയും ജ്ഞാനവുമുള്ളവളാണ്. ഇവൾ വിളക്ക് കെടാതെ സൂക്ഷിക്കുന്നു. തന്റെ മണവാളന്റെ സന്തോഷമാണ് അവളുടെയും സന്തോഷം. യഹോവഭക്തിയുള്ള ഈ മണവാട്ടി മറ്റുള്ളവരാൽ പ്രശംസിക്കപ്പെടുന്നു.

## (3) ഒരു മാതാവിന്റെ ശക്തി

**'5'** പ്രധാനകാര്യങ്ങൾ ഒരു മാതാവ് കുടുംബത്തിൽ ചെയ്യുന്നു.

## (a) Home Schooling to children

പ്രാഥമിക പാഠശാലയായ കുടുംബത്തിലെ പ്രധാനപ്പെട്ട ഗുരു അമ്മതന്നെയാണ്. ആത്മീക, ഭൗതീക പഠന പൂർത്തീകരണം ഇവിടെയാണ് ലഭിക്കേണ്ടത്.

## (b) Daily devotion

മക്കൾക്ക് എന്നും പുതിയതും , രുചികരവുമായ ആത്മീയ ഭക്ഷണം ഇവൾ ഒരുക്കുന്നു. കച്ചവടകപ്പൽപോലെ പ്രവർത്തിക്കുന്നവൾ ഒരു നല്ല അമ്മ കൂടിയാണ്.

## (c) Prayer Time

പ്രഭാത, പ്രദോഷ പ്രാർത്ഥന കൃത്യമായും നടക്കണം എന്നതു മാത്രമല്ല ഏത് പ്രവർത്തിയും തുടങ്ങും മുൻപും യഹോവയോട് പ്രാർത്ഥിക്കുന്ന ശീലം ഉണ്ടാകണം.

## (d)Church Time

വിശുദ്ധദിവസം ആരാധിക്കേണ്ട ദിവസമാണെന്ന് കുട്ടിക്കാലത്ത് തന്നെ പഠിപ്പിക്കണം. ഇപ്രകാരം പരിശീലിപ്പിക്കുന്ന ഒരു മാതാവിന് മക്കളുടെ ഭാവികാലം ഓർത്ത് പുഞ്ചിരിപ്പാൻ കഴിയുന്നു.

## (e)Soul Winning

മുകളിൽ രേഖപ്പെടുത്തിയ നാലു കാര്യങ്ങളും മക്കളെ പരിശീലിപ്പിക്കുന്ന അമ്മ അവരുടെ ആത്മാവിനേയും നേടുന്നു.

## (4) **Misplaced Strength**

ദൈവം തന്ന ധനം, ബുദ്ധി ഇവ ദൈവത്തിനായി ഉപയോഗിക്കാത്തവരാണ് ഈ കൂട്ടർ. ഇവരോട് മാർത്തയോട് പറഞ്ഞ മറുപടിയാണ് യേശുവിന് പറയുവാനുള്ളത്. 'മറിയ നല്ല അംശം തിരഞ്ഞെടുത്തു' എന്ന്. നാം നല്ല അംശം തിരഞ്ഞെടുത്തവരോ?

ദേശീയ വനിതാ ദിനത്തിൽ ഒരു സാമർത്ഥ്യമുള്ള സ്ത്രീ ആയിരിപ്പാൻ ദൈവം കൃപ ചെയ്യട്ടെ.

## പ്രാർത്ഥന

സ്നേഹമുള്ള ദൈവമേ ! നിന്നോട് ചേർന്നു നടന്ന് ബലം നിന്നിലുള്ളവളായി , ഭുജങ്ങളെ ശക്തീകരിച്ച് അങ്ങയുടെ മണവാട്ടിയായി തീരുവാൻ കൃപചെയ്യേണമേ. എന്നെ ഏല്പിച്ച കുടുംബത്തെയും, സമൂഹത്തെയും അങ്ങയുടെ അടുക്കലെത്തിപ്പാൻ കഴിവുള്ള സ്ത്രീ ആക്കേണമേ

ആമേൻ

Santhamma Varghese

Website: www.biblestudy.co.in

Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind